I/52211/2024

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**
ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317

**നം: ഡിഇഎസ്/1203/2024-TRNG** **തീയതി: 24-03-2024**

---

## സർക്കുലർ

വിഷയം :- ഡിഇഎസ്- പരിശീലന വിഭാഗം- വകുപ്പ് ട്രെയിനിംഗ് ഹാളിൽ പരിശീലനപരിപാടികൾ/ മീറ്റിംഗുകൾ/മറ്റ് പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

വകുപ്പ് സംഘടിപ്പിക്കുന്ന വിവിധ പരിശീലനപരിപാടികൾ/ മീറ്റിംഗുകൾ/ മറ്റ് പരിപാടികൾ എന്നിവ ട്രെയിനിംഗ് ഹാളിൽ വച്ച് നടക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. ചായ, സ്നാക്സ്, ഉച്ചഭക്ഷണം എന്നിവ ഡൈനിംഗ് ഹാളിൽ ക്രമീകരിക്കേണ്ടതാണ്. ട്രെയിനിംഗ് ഹാളിനകത്തേക്ക് ഭക്ഷണ പദാർത്ഥങ്ങൾ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
2. പരിശീലനപരിപാടികൾ / മീറ്റിംഗുകൾ / മറ്റ്പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സ്റ്റീൽ ഗ്ലാസ്സിൽ ചായ വിതരണം ചെയ്യേണ്ടതാണ്. ഇതിലേയ്ക്കായി ട്രെയിനിങ് വിഭാഗത്തിൽ നിന്നും സ്റ്റീൽ ഗ്ലാസ് കൈപ്പറ്റേണ്ടതും, പരിപാടി അവസാനിക്കുമ്പോൾ ആയത് വൃത്തിയാക്കി തിരികെ ഏൽപ്പിക്കേണ്ടതുമാണ്.
3. ചായ കുടിക്കുന്നവർ തന്നെ അവരവരുടെ ഗ്ലാസ് കഴുകി വൃത്തിയാക്കേണ്ടതാണ്.
4. ട്രെയിനിംഗ് ഹാളിനകത്ത് ഹരിത ചട്ടം പാലിക്കേണ്ടതും നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പ്രവേശിപ്പിക്കാൻ പാടില്ലാത്തതുമാണ്.
5. വിവിധ പരിപാടികൾക്കായി ഹാളിനകത്തേക്ക് പ്രവേശിപ്പിക്കുന്ന സാധനങ്ങൾ ബന്ധപ്പെട്ടവർ തന്നെ യഥാസമയം എടുത്തുമാറ്റേണ്ടതാണ്. ഇത്തരത്തിൽ ഏതെങ്കിലും സാധനങ്ങൾ നഷ്ടപ്പെട്ടാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വ്യക്തികൾക്കായിരിക്കുന്നതാണ്.
6. പരിശീലനപരിപാടികൾ/ മീറ്റിംഗുകൾ/ മറ്റ് പരിപാടികൾക്കായി ട്രെയിനിംഗ് വിഭാഗത്തിൽ നിന്നും താക്കോൽ രജിസ്റ്ററിൽ രേഖപ്പെടുത്തി കൈപ്പറ്റേണ്ടതും ട്രെയിനിംഗ് ഹാളിന്റെ ഉപയോഗത്തിന് ശേഷം ലൈറ്റ്/ എസി/ മൈക്കുകൾ എന്നിവ ഓഫ് ആണെന്ന് ഉറപ്പുവരുത്തി താക്കോൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.

മേൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് പരിശീലനപരിപാടികൾ/ മീറ്റിംഗുകൾ/ മറ്റ് പരിപാടികൾ സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട സെക്ഷൻ മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ഉചിതമായ ക്രമീകരണങ്ങൾ പരിശീലന വിഭാഗം ഉറപ്പുവരുത്തേണ്ടതാണ്.

Signed by
Sreekumar B
DIRECTOR
Date: 24-03-2024 15:56:58

എല്ലാ സെക്ഷൻ മേധാവികൾക്കും.

പകർപ്പ് : - 1. ഡയറക്ടറുടെ സി. എ.
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
3. അഡീഷണൽ ഡയറക്ടർമാരുടെ സി. എ.